പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1082**      **04.02.2019-ൽ മറുപടിക്ക്**

## കരമന-കളിയിക്കാവിള റോഡ് വികസനം

| ചോദ്യം<br>ശ്രീ.വി.എസ്.ശിവകുമാർ | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) കരമന-കളിയിക്കാവിള റോഡ് വികസനത്തിന്റെ ഒന്നാം ഘട്ടം മുൻ സർക്കാരിന്റെ കാലത്ത് റിക്കോർഡ് വേഗത്തിൽ പൂർത്തിയാക്കുവാൻ സാധിച്ചിരുന്നോയെന്ന് അറിയിക്കാമോ; | (എ) മുൻ സർക്കാരിന്റെ കാലത്ത് കരമന – കളിയിക്കാവിള ഒന്നാം ഘട്ടം ഒന്നാം റീച്ച് കരമന മുതൽ പ്രാവച്ചമ്പലം വരെയുള്ള നിർമ്മാണത്തിന് സർക്കാർ ഉത്തരവ് നം.ജി.ഒ(ആർ.റ്റി) 1470/2013 തീയതി 08/11/2013 പ്രകാരം 74 കോടി രൂപയുടെ ഭരണാനുമതിയും സർക്കാർ ഉത്തരവ് (സാധാ) നം.174/2014/പി.ഡബ്ല്യു.ഡി തീയതി 04/02/2014 പ്രകാരം 66 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകി ടെൻഡർ നടപടികൾ പൂർത്തീകരിച്ച് എഗ്രിമെന്റ് നം.15/SENH/SC/14-15 തീയതി 20/10/2014 പ്രകാരം ഈ പ്രവൃത്തിക്ക് കരാർ നൽകുകയും ചെയ്തു. ഒർജിനൽ എഗ്രിമെന്റ് വ്യവസ്ഥ പ്രകാരം 12 മാസമാണ് നിർമ്മാണ പൂർത്തീകരണ കാലാവധിയായി നിശ്ചയിച്ചിരുന്നത്. എന്നാൽ നിശ്ചയിച്ച കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാൻ സാധിച്ചിരുന്നില്ല. നേമം അണ്ടർ പാസ് നിർമ്മാണം തിരുവനന്തപുരം ജില്ലയിൽ ക്വാറി മെറ്റീരിയൽസിന്റെ ലഭ്യതയിൽ നേരിട്ട ക്ഷാമം തുടങ്ങിയ കാരണങ്ങൾ കൊണ്ട് 15 മാസക്കാലം കൊണ്ട് (23/01/2016-ൽ) ആണ് നിർമ്മാണം പൂർത്തീകരിക്കുവാൻ കഴിഞ്ഞത്. |
| (ബി) പ്രസ്തുത റോഡിന്റെ പ്രാവച്ചമ്പലം മുതൽ കൊടിനട വരെയുള്ള രണ്ടാം ഘട്ടത്തിന്റെ നിർമ്മാണത്തിൽ ഈ സർക്കാർ വന്ന ശേഷം ഉണ്ടായ അനിശ്ചിതത്വത്തിന് കാരണം വ്യക്തമാക്കാമോ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കരമന - കളിയിക്കാവിള ഒന്നാംഘട്ടം രണ്ടാം റീച്ച് പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള ഭാഗത്തെ വികസനത്തിനായി 2016 -17 സാമ്പത്തിക വർഷം കിഫ്ബിയിൽ ഉൾപ്പെടുത്തി 162.42 കോടി രൂപയ്ക്ക് ഉത്തരവ് നം.31/കിഫ്ബി/2016 |

തീയതി 16/11/2016 പ്രകാരം ഭരണാനുമതി നൽകുകയുണ്ടായി. സ്ഥലമേറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി 15/12/2016-ൽ ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം ചേരുകയും ഇതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. തുടർ പ്രവർത്തനങ്ങളുടെ ഫലമായി 2017 മധ്യത്തോടുകൂടി പ്രാവച്ചമ്പലം മുതൽ ബാലരാമപുരം കൊടിനട വരെയുള്ള ഭാഗത്തെ സ്ഥലമേറ്റെടുക്കൽ നടപടികൾ അന്തിമഘട്ടത്തിലെത്തുകയും തുടർന്ന് 07/07/2017-ൽ പൊതുമരാമത്ത് വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സ്ഥലമെടുപ്പ് പൂർത്തീകരിക്കാറായ പ്രാവച്ചമ്പലം മുതൽ ബാലരാമപുരം കൊടിനട വരെയുള്ള ഭാഗം ആദ്യഘട്ടമായി വികസിപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. തുടർന്ന് ഈ ഭാഗത്തെ നിർമ്മാണ പ്രവൃത്തിക്കുള്ള സാങ്കേതികാനുമതി PMU, KRFB വഴി നൽകുകയും 2018 ഏപ്രിൽ മാസം ഈ പ്രവൃത്തി ടെൻഡർ ചെയ്യുകയും ചെയ്തു. ടെൻഡർ അപ്രൂവൽ കമ്മിറ്റി 08/08/2018 ൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത കരാറുകാരന് ടെൻഡർ പാസാക്കി Tender excess-ന്റെ Financial concurrence ന് കിഫ്ബിയിൽ സമർപ്പിക്കുകയുണ്ടായി. എന്നാൽ ടെണ്ടറിന് അംഗീകാരം ലഭിച്ച ഘട്ടത്തിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത കരാറുകാരൻ പണി ഏറ്റെടുക്കാൻ വിസമ്മതിക്കുകയുണ്ടായി. ഇതേ തുടർന്ന് ഒക്ടോബർ മാസത്തിൽ പ്രവൃത്തി റീ ടെണ്ടർ ചെയ്യുകയും ഇതിൽ മൂന്ന് കമ്പനികൾ പങ്കെടുക്കുകയും ചെയ്തു. ഇതിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ഊരാലുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിക്ക് കരാർ ഒപ്പ് വയ്ക്കുകയുമാണ് ഉണ്ടായത്. 24 മാസക്കാലമാണ് നിർമ്മാണ പൂർത്തീകരണ കാലാവധിയായി നിശ്ചയിച്ചിട്ടുള്ളത്. സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ട കേസുകൾ മൂലം വന്ന കാലതാമസമൊഴികെ ബാക്കി എല്ലാ പ്രവർത്തനങ്ങൾക്കും സ്വാഭാവികമായ കാലതാമസം മാത്രമാണ് നേരിട്ടിട്ടുള്ളത്.

| | |
|---|---|
| (സി) പ്രസ്തുത റോഡിന്റെ നിർമ്മാണ കരാർ ഏത് കമ്പനിയാണ് ഏറ്റെടുത്തിട്ടുള്ളത്; സർക്കാർ നിശ്ചയിച്ച തുകയേക്കാൾ എത്ര ശതമാനം തുകയാണ് അധികമായി പ്രസ്തുത കമ്പനിക്ക് നൽകേണ്ടതെന്ന് അറിയിക്കാമോ; | (സി) ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിക്ക് 14.89% അധിക തുകയ്ക്കാണ് കരാർ നൽകിയിട്ടുള്ളത്. |
| (ഡി) കൊടിനട മുതൽ വഴിമുക്ക് വരെയുള്ള മൂന്നാം ഘട്ട പാത വികസനത്തിന്റെ സ്ഥലമെടുപ്പ് നടപടി ഏത് ഘട്ടത്തിലാണ്; അതിനായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) കരമന – കളിയിക്കാവിള ദേശീയപാത ഒന്നാം ഘട്ടം രണ്ടാം റീച്ച് പാർട്ട് രണ്ട് വികസനത്തിന്റെ ഭാഗമായ കൊടിനട മുതൽ വഴിമുക്ക് വരെയുള്ള ഭാഗത്ത് സ്ഥലമേറ്റെടുക്കൽ നടപടികൾ 2013-ലെ ലാന്റ് അക്വിസിഷൻ ആക്ട് പ്രകാരമാണ് നടത്തേണ്ടത്. ഈ ഭാഗത്തെ സ്ഥലമേറ്റെടുക്കൽ നടപടികൾ പുനരാരംഭിക്കുന്നതിന് സാമൂഹ്യാഘാതപഠനം നടത്തേണ്ടതായിട്ടുണ്ട്. ഇതിനുള്ള നടപടികൾ ആരംഭിക്കുന്നതിന് റവന്യൂ വിഭാഗത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. സാമൂഹ്യഘാതപഠന പൂർത്തീകരണത്തിന് ശേഷം സ്ഥലമെടുക്കൽ നടപടികളിലേയ്ക്ക് കടക്കുന്നതാണ്.<br>ഈ 1.5 കിലോമീറ്ററിലെ ഭൂമി ഏറ്റെടുക്കുന്നതിന് ആവശ്യമായ 98.1 കോടി രൂപയുടെ ഭരണാനുമതി ജി.ഒ(ആർ.റ്റി) നം.1048/2017/പി.ഡബ്ല്യൂ.ഡി തീയതി 20/07/2017 പ്രകാരം നൽകിയിട്ടുണ്ട്. |

S. Bindu

സെക്ഷൻ ഓഫീസർ